കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് – 2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം: KSA/KNR/C9-1999/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ – 670001.
Email: lfaddistofficeknr@gmail.com
ഫോൺ : 04972-707698

തിയ്യതി: 07-12-2016.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് .

സർ,

വിഷയം: കീഴല്ലൂർ ഗ്രാമപഞ്ചായത്ത് 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 2-1, 3-1, 3-2, 3-7 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. [കേരള പഞ്ചായത്ത് രാജ് – (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15].

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു

റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. [ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം (ഇ-മെയിൽ വഴി).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം).
3) കാര്യാലയ പ്രതി.

ceeyar/-

നം.KSA/KNR/C9-1999/2016 തീയതി : 07-12-2016.

# കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റ 2015-16സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.06.2015 മുതൽ 07.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 11 എണ്ണം നൽകിയതിൽ 11എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ അശോകൻ മഠത്തിൽ,<br>ഡെപ്യൂട്ടി ഡയറക്ടർ. |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 08.11.2016 മുതൽ 16.11.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|

| | |
|---|---|
| ശ്രീ സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ ശശീന്ദ്രൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ ലതീഷ് കുമാർ.കെ.കെ | ഓഡിറ്റർ |
| ശ്രീ ദിലീപ് കുമാർ.കെ.എൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി സുസ്മിത.എം | 01.04.15.മുതൽ30.10.15വരെ |
| ഭരണനിർവ്വഹണകമ്മിറ്റി | ശ്രീ ബാബുരാജ്.വി.പി, സെക്രട്ടറി<br>ശ്രീ കെ.ജി.കിരൺ, കൃഷി ഓഫീസർ<br>ശ്രീമതി ഗീത.കെ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 31.10.15.മുതൽ 11.11.15വരെ |
| പ്രസിഡണ്ട് | ശ്രീ രാജൻ.എം | 12.11.15 മുതൽ31.03.16വരെ |

2. നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ ബാബുരാജൻ വലിയ പുരയിൽ | 01.04.2015.മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീ കെ.ജി.കിരൺ | 01.04.15.മുതൽ 31.03.16വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ കെ.കെ.പ്രകാശൻ | 01.04.15 മുതൽ 03.04.15വരെ |
| | ശ്രീ പി.രവീന്ദ്രൻ (അഡീ.ചാർജ്) | 04.04.15 മുതൽ 13.04.15വരെ |
| | ശ്രീ കെ.കെ.പ്രകാശൻ | 14.04.15 മുതൽ 22.05.15വരെ |
| | ശ്രീ പി.രവീന്ദ്രൻ (അഡീ.ചാർജ്) | 23.05.15 മുതൽ 24.05.15വരെ |
| | ശ്രീ നൈജു.ടി,വി | 25.05.15 മുതൽ 11.08.15 വരെ |

| | | |
|---|---|---|
| | ശ്രീ പി.രവീന്ദ്രൻ (അഡീ.ചാർജ്) | 12.08.15 മുതൽ 18.09.15 വരെ |
| | ശ്രീമതി ലജിത.വി.എ (അഡീ.ചാർജ്) | 19.09.15 മുതൽ 02.02.16 വരെ |
| | ശ്രീ മനോഹരൻ മാണിക്കോത്ത്<br>(അഡീ.ചാർജ്) | 03.02.16.മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുജൻ.എം.പി | 01.04.15.മുതൽ 31.03.16 വരെ |
| വി.ഇ.ഒ | ശ്രീ സുജിത്.പി | 01.04.15.മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. ചസ്മ. | 01.04.15.മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ കെ.ഷാജി. | 01.04.15.മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി ഗീത.കെ | 01.04.15.മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | ഡോ.വിദ്യോത് കുമാർ.പി | 01.04.15.മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ഹരീഷ് കൃഷ്ണൻ | 01.04.15.മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 – പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | ഗ്രാമ സഭ. | 1-7 | |
| 8 | ദുരിതാശ്വാസ നിധി | 1-8 | |
| 9 | മോണിറ്ററിംഗ് | 1-9 | |
| 10 | തനത് വരുമാനം | 1-10 | |
| 11 | ക്ഷേമപദ്ധതികൾ | 1-11 | |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 | |
| 13 | ആഭ്യന്തരനിയന്ത്രണം | 1-13 | |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 | |
| | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | ഡി&ഓ ലൈസൻസ് ഫീ -അപാകതകൾ | 2-1 | |
| 16 | കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല. | 2-2 | |
| 17 | പരസ്യനികുതി ചുമത്തിയില്ല | 2-3 | |
| | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | തെരുവ് വിളക്ക് സ്ഥാപിക്കൽ -പ്രൊജക്ട് ലക്ഷ്യം കണ്ടില്ല | 3-1 | |
| 19 | തെരുവ് വിളക്കുകളുടെ പരിപാലനം-കുറ്റമറ്റതാക്കേണ്ടതാണ്. | 3-2 | |
| 20 | പി.എച്ച്. സി- മരുന്നുവാങ്ങൽ -അഡ്വാൻസ് നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.ലഭിച്ച മരുന്നുകളുടെ സ്റ്റോക്ക് അപൂർണ്ണം. ചെലവ് തുക 75000/- തടസ്സത്തിൽ വെക്കുന്നു. | 3-3 | |
| 21 | കാലിത്തൊഴുത്ത് നിർമ്മാണം- മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച | 3-4 | |

| | | | |
|---|---|---|---|
| | രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക- 3,00,000 തടസ്സത്തിൽ വെക്കുന്നു. | | |
| 22 | പ്രൊജക്ട് നം- എസ്-0040/15-16-പ്രത്യേക കന്നുകുട്ടിപരിപാലനം | 3-5 | |
| 23 | ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹതപ്പെട്ട മുഴുവൻ തുകയും വിതരണം ചെയ്യുന്നില്ല | 3-6 | |
| 24 | പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് - സീലിംഗ് വർക്ക്- ഗ്യാരണ്ടി കാലയളവിൽ ഉണ്ടായ നാശനഷ്ടം പരിഹരിച്ചില്ല. ചെലവ് തുക 1,95,140 തടസ്സത്തിൽ വെക്കുന്നു. | 3-7 | |
| 25 | എഗ്രിമെന്റ് വെച്ച് ഒരുവർഷം കഴിഞ്ഞ് പ്രവൃത്തിയുടെ നിർവ്വഹണം.-നിയമാനുസൃത പിഴ ഈടാക്കിയില്ല- 5300/- രൂപ പിഴ ഈടാക്കേണ്ടതാണ്. | 3-8 | |
| 26 | ടെണ്ടർ അംഗീകരിക്കുന്നതിലെ അപാകങ്ങൾ സംബന്ധിച്ച് | 3-9 | |
| 27 | ഇ.ടെണ്ടർ -ടെണ്ടർഫോറം വില തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 3-10 | |
| 28 | പൊതുടാപ്പുകളുടെ പരിപാലനം കാര്യക്ഷമമല്ല- സംയുക്തപരിശോധന നടത്താതെ വെള്ളക്കരം ഒടുക്കിവരുന്നു. | 3-11 | |
| 29 | കർഷക ദിനാചരണം -ചെലവ് രേഖകൾ ഹാജരാക്കിയില്ല -10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-12 | |
| | ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 39 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - | |
| 40 | അനുബന്ധം 2 ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് | - | |
| 41 | അനുബന്ധം 3 റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | - | |
| 42 | അനുബന്ധം 4 ബാലൻസ് ഷീറ്റ് | - | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2015 തീയ്യതിയിലെ 37/15നം.തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 86,94,464 |
| വരവ് | 7,95,40,000 |
| ആകെ | 8,82,34,464 |
| ചെലവ് | 8,17,61,000 |
| നീക്കിയിരിപ്പ് | 64,73,464 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.07.2016 | 02.07.2016 | തിരിച്ചയച്ചിട്ടില്ല. | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|
| 2015-16 | 11.11.2016 & 14.11.2016 | വിശേഷണങ്ങളോട് കൂടിയത് |

ന്യൂനതകൾ

1. ഇൻകം ആന്റ് എക്സ്പെന്റിച്ചർ ഷെഡ്യൂൾ 1-6 ൽ NREGA കാണിച്ച തുക തെറ്റാണ്. 117,80,546/-രൂപക്ക് പകരം 231,66,210/-എന്നാണ് കാണിച്ചിട്ടുള്ളത്.
2. ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
3. കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 2,39,81,422 |
| വരവ് * | 2,77,76,411 |
| ആകെ | 5,17,57,833 |
| ചെലവ് * | 2,93,43,114 |
| നീക്കിയിരിപ്പ് | 2,24,14,719 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം ** | 1531878 | 1502625<br>*4023742 | 7058245 | 7058245 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. ** | 184662 | 528237 | 712899 | 528237<br>*184662 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. ** | 0 | 5000 | 5000 | 5000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് ** | 969382 | 3075319 | 4044701 | 4044701 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് ** | 26312 | 1761251 | 1787563 | 1787563 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ** | 746878 | 4701280 | 5448158 | 3685078<br>*1763080 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് ** | 2076000 | 1819390 | 3895390 | 1819390<br>*2076000 | 0 | 100 |
| എൻ.ആർ.ഇ.ജി.എസ്.(-) | 0 | 11780546 | 11780546 | 11779541 | 1005 | 99.99 |
| ബി ഫണ്ട് (-) | 0 | 20866845 | 20866845 | 20866845 | 0 | 100 |

* ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക.

**റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം.

. (-)ഇ.എഫ് .എം.എസ് തുക ഉൾപ്പെടെ.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 100 | 275,32,873 | 77 | 200,63,101 | 17 | 6 | 77.92 |

## 1-7 ഗ്രാമ സഭ

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണ്. പഞ്ചായത്തിലെ 14 വാർഡുകളിലും ഓഡിറ്റ് കാലയളവിൽ രണ്ട് തവണമാത്രമേ ഗ്രാമ സഭകൾ ചേർന്നിട്ടുള്ളൂ. ഇതിൽ രണ്ടും പദ്ധതി ആസൂത്രണ ഗ്രാമസഭകളാണ് ചേർന്നിട്ടുള്ളത്. ഗ്രാമസഭ സംഘാടനവും നടത്തിപ്പും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭ കളിൽ ചർച്ച ചെയ്യപ്പെടുന്നില്ല എന്നത് പോരായ്മയാണ്.

## 1-8 ദുരിതാശ്വാസ നിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടത അനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപികരിക്കണമെന്ന് 2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം 31213/-രൂപ അക്കൗണ്ടിൽ സ്വരൂപിച്ചിട്ടുണ്ട്. തൻവർഷം 14000/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. 31.03.2016 തീയ്യതിയിൽ 62923/-രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന, ഗ്രാമപ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മോണിറ്ററിംഗ്

പദ്ധതി നിർവഹണത്തിലെ അവിഭാജ്യഘടകമാണ് മോണിറ്ററിംഗ്. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ(എം.എസ്)28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനപരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ ഒഴിച്ചുനിർത്തിയാൽ ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് മോണിറ്ററിംഗ് സംവിധാനം കുറ്റമറ്റരീതിയിൽ നടത്തിയിട്ടില്ല.

## 1-10 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | വർഷം 2014-15 | വർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 48,92,801 | 42,42,385 | 6,50,416 | 13.29(-) |
| നികുതിയേതര വരവുകൾ | 18,20,607 | 16,17,440 | 2,03,167 | 11.16(-) |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 67,13,408 | 58,59,825 | 8,53,583 | 12.71(-) |

## 1-11 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29,040 | 16 |
| കർഷകതൊഴിലാളി വേതനം | 46,21,260 | 581 |
| വിധവാപെൻഷൻ | 51,19,480 | 510 |
| വാർദ്ധക്യകാലപെൻഷൻ | 74,01,150 | 876 |
| വികലാംഗപെൻഷൻ | 21,82,320 | 199 |
| 50 വയസ് തികഞ്ഞ അവിവാഹിത പെൻഷൻ | 13,96,800 | 138 |

## 1-12 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 6034/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-13 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്ന് പ്രവർത്തനപുരോഗതി അവലോകനം ചെയ്യുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പ്രവർത്തന വിലയിരുത്തലുകൾ നടത്തേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമായുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.06.2016 | 01.04.2016 മുതൽ 31.05.2016 | ലഭിച്ചിട്ടില്ല |

## ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഓ ലൈസൻസ് ഫീ -അപാകതകൾ

1) ഡി & ഓ ലൈസൻസ് ഫീ ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ)ചട്ടങ്ങളിലെ ചട്ടം 3 ലെ പട്ടിക-1 പ്രകാരം കള്ള്ഷാപ്പ്, റേഷൻ കട എന്നീ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കണമെന്നുണ്ട്. എന്നാൽ 2015-16 വർഷത്തിലെ ഡി & ഓ ലൈസൻസ് പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകളിൽ നിന്നും, റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 2016-17 ൽ കള്ള് ഷാപ്പുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മേൽ ചട്ടങ്ങളുടെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2) അപേക്ഷകളിൽ ബന്ധപ്പെട്ട ക്ലർക്കിന്റെ/ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല.

10-01-2013 ലെ 66562/RC3/12/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ലൈസൻസ് പുതുക്കുന്നതിലേക്കായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിന്മേലും ബന്ധപ്പെട്ട ക്ലർക്ക്/ഹെൽത്ത് ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തി അതു സംബന്ധിച്ച വിവരം പേഴ്സണൽ റജിസ്റ്ററിൽ രേഖപ്പെടുത്തണമെന്ന് എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ മേൽ ആവശ്യത്തിലേക്കായി സമർപ്പിച്ച 399 അപേക്ഷകളിൽ 273 അപേക്ഷകളിന്മേലും ഇത്തരം അന്വേഷണം നടത്തുകയും സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ഭാവിയിൽ മുഴുവൻ അപേക്ഷകളിന്മേലും സമയബന്ധിതമായി അന്വേഷണം നടത്തി തീർപ്പു കൽപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3) ഡി & ഒ ലൈസൻസ് നല്കുന്നത് ആവശ്യമായ അനുമതി പത്രങ്ങളില്ലാതെ.

2015-16 വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതി പത്രങ്ങളില്ലാതെയാണ്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് | സ്ഥാപനം | വാർഡ്/കെട്ടിട നം | ലൈസൻസ് ഫീ ഈടാക്കിയതിന്റെ വിവരങ്ങൾ | പരാമർശം |
|---|---|---|---|---|---|
| 1 | ഡിനു ജോൺ | സ്റ്റോൺ ക്രഷർ | 6/396 | 1000/-<br>107400<br>24.02.15 | മലിനീകരണ നിയന്ത്രണ<br>ബോർഡിന്റെ അനുമതി 30.6.15 വരെ മാത്രം |
| 2 | മാനേജിംഗ് പാർട്ണർ | സീജീസ് ഫ്യൂവൽസ് | 1/25 | 1250/-<br>100440/13.5.15 | അഗ്നിശമന വിഭാഗത്തിന്റെ അനുമതിയില്ല |

ഡി&ഒ ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിൽ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ആവശ്യമായ ഹോട്ടൽ പോലുള്ള സ്ഥാപനങ്ങൾക്ക് സാനിട്ടേഷൻ സർട്ടിഫിക്കറ്റില്ലാതെ തന്നെ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്.

ഭാവിയിൽ ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള അനുമതിപത്രം ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4) ഡി& ഒ ലൈസൻസ് കാലികമായി വർദ്ധിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസ് നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്നിരിക്കെ കീഴല്ലൂർ പഞ്ചായത്തിൽ ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം മുൻ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കാണുന്നു.

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിലെ ഡി ആന്റ് ഒ ലൈസൻസുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ 2015-16 വർഷം ഈയിനത്തിൽ 399സ്ഥാപനങ്ങൾ/ ലൈസൻസികളാണ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ 2014-15 വർഷത്തിൽ ലൈസൻസ് പുതുക്കുന്നതിനും പുതിയതുമായി ആകെ 418 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. 2015-16 ൽ മുൻ വർഷത്തെ അപേക്ഷിച്ച് 19 അപേക്ഷകൾ കുറവ് വന്നിട്ടുണ്ട്. ഡിമാന്റ് രജിസ്റ്ററിൽ മുൻവർഷത്തെ ക്രമം അനുസരിച്ച് തുക ഒടുക്കുന്നവരുടെ പേരു വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും മുൻ വർഷത്തെ ഡിമാന്റ് നമ്പർ ചേർക്കാത്തതിനാലും ഏതൊക്കെ സ്ഥാപനങ്ങളാണ് ലൈസൻസ് പരിധിയിൽ നിന്നും ഒഴിവായതെന്ന് ഓഡിറ്റിൽ മനസിലാക്കാൻ സാധിച്ചിട്ടില്ല.

## 2-2 <u>കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചാലോട് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, വെളിയമ്പറമ്പ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിലെ ആകെ 16 മുറികളിൽ 15

മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്.

കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് നാളിതുവരെ ഒരു ബൈലോ തയ്യാറാക്കിയിട്ടില്ല. 24.7.04 ലെ C5/17031/04 നം കത്ത് പ്രകാരം സർക്കാർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർക്ക് അയച്ചുകൊടുത്ത മാതൃകാ ബൈലോ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്ത് ബൈലോ തയ്യാറാക്കുകയും പഞ്ചായത്ത് ഡയരക്ടറുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. അംഗീകാരം ലഭിച്ച ബൈലോയിലെ നിബന്ധനകൾക്കനുസൃതമായി കരാർ പത്രം പുതുക്കി തയ്യാറാക്കേണ്ടതാണ്.

കടമുറികൾ വാടകയ്ക്ക് നൽകിയതിന്റെ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. 2015-16 വർഷത്തിൽ ബസ് സ്റ്റാന്റ് യൂസേഴ്സ് ഫീ, കംഫർട്ട് സ്റ്റേഷൻ എന്നിവ വാടകയ്ക്ക് നൽകിയതിൽ കരാറുകാരനിൽ നിന്നും കരാർ വ്യവസ്ഥകൾ എഴുതിച്ചേർക്കാതെയാണ് ഒപ്പിട്ടു വാങ്ങിയിട്ടുള്ളത്. കൂടാതെ കാലാവധി കഴിഞ്ഞ കരാറുകൾ പുതുക്കുന്ന അവസരത്തിലും മുദ്രപ്പത്രത്തിൽ കരാർ വ്യവസ്ഥകൾ എഴുതിച്ചേർക്കാതെ വാടകക്കാരനിൽ നിന്നും ഒപ്പിട്ടു വാങ്ങി സൂക്ഷിക്കുന്നതായി കാണുന്നു. വ്യവസ്ഥകൾ എഴുതിച്ചേർക്കാത്ത മുദ്രപ്പത്രങ്ങളിൽ കരാർ വ്യവസ്ഥകൾ എഴുതിച്ചേർക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ മുറിയുടേയും കരാറുകളും കത്തിടപാടുകളും അനുബന്ധ രേഖകളും പ്രത്യേകം ഫയലുകളായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 <u>പരസ്യ നികുതി ചുമത്തിയില്ല</u>

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിന്മേലോ ചുമരിൻമേലോ പരസ്യപ്പലകയിന്മേലോ എടുപ്പിന്മേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം പരസ്യ നികുതിയിനത്തിൽ വരവില്ല. 209-ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന് സെക്ഷൻ 209 ഡി നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഈടാക്കുന്ന കാര്യത്തിൽ ഭരണസമിതിയും ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>തെരുവ് വിളക്ക് സ്ഥാപിക്കൽ -പ്രൊജക്ട് ലക്ഷ്യം കണ്ടില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്ട് നം -16/16

വികസനഫണ്ട് -84000/-

ബിൽ നം .36/15.03.16 . 74,988/-രൂപ

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 2015-16 വർഷം

84000/-രൂപ വികസനഫണ്ട് വകയിരുത്തി പ്രൊജക്റ്റ് നടപ്പിലാക്കിയെങ്കിലും പ്രൊജക്റ്റ് ലക്ഷ്യം കണ്ടില്ല. 22.02.16 തീയ്യതിയിൽ 36 എണ്ണം 40 വാട്സ് ട്യൂബ് ലൈറ്റുകൾ വാങ്ങിച്ചതിന് ക്രൂസിന് ബിൽ നം.36/15.03.16 പ്രകാരം 74988/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ വാങ്ങിച്ച തെരുവ് വിളക്കുകൾ ഇതുവരെയായി സ്ഥാപിച്ചിട്ടില്ല.വിളക്കുകൾ സ്ഥാപിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റുകളിൽ ലൈൻ വലിക്കാത്തതാണ് ഇതിന് കാരണം.ഇലക്ട്രിക് പോസ്റ്റുകളിൽ ലൈൻ വലിക്കുന്നതിന് പ്രൊജക്റ്റ്.നം. 100/16പ്രകാരം 2,50,000/-വകയിരുത്തുകയും ഇതിനായി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ മട്ടന്നൂരിന് ബിൽ നം.21/03.03.2016 പ്രകാരം 155078/-രൂപയും, ഇലക്ട്രിക്കൽ സെക്ഷൻ ചക്കരക്കല്ലിന് ബിൽ നം.28/23.03.2016 പ്രകാരം 89200/-രൂപയും ചേർന്ന് ആകെ 244278/-രൂപ നൽകിയിട്ടുണ്ട്. കൂടാതെ 1,61,855 രൂപ മുൻവർഷം നൽകിയത് ചെലവഴിക്കപ്പെടാതെ ബാക്കിയായതായി ബി-18 ഷെഡ്യൂൾ പ്രകാരം കാണുന്നുണ്ട്. ലൈൻ വലിക്കുന്നതിന് മുന്നെതന്നെ തെരുവ് വിളക്കുകൾ വാങ്ങിക്കുകയും അവ ഉപയോഗിക്കപ്പെടാതെ നിഷ്ക്രിയ ആസ്തിയായിനിലനിൽക്കുകയും ചെയ്യുന്നസ്ഥിതിവിശേഷം ഉണ്ടായത് പ്രൊജക്റ്റ് നടത്തിപ്പിലുണ്ടായ വീഴ്ചയാണ്. വാങ്ങിച്ച തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രൊജക്റ്റ് ലക്ഷ്യം കണ്ടിട്ടില്ലാത്തതിനാൽ ചെലവഴിച്ച 74,988/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 തെരുവ് വിളക്കുകളുടെ പരിപാലനം-കുറ്റമറ്റതാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും സംബന്ധിച്ച പ്രവൃത്തികൾ നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾ ബാധകമാക്കിക്കൊണ്ട് ടെൻഡറിംഗ് സംവിധാനം വഴി ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഒഴികെയുള്ള മറ്റ് ഏജൻസികൾക്ക്നൽകാവുന്നതാണെന്ന് ത.സ്വ.ഭ. വകുപ്പിന്റെ 15.09.2011 ലെ 3055/ഡി.എ3/2011 നം.സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും കുറ്റമറ്റരീതിയിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. 2014-15 വർഷം 389 എണ്ണം 40 വാട്സ് സിങ്കിൾ ട്യൂബ് ലൈറ്റുകളും 419എണ്ണം സി.എഫ്.എൽ. വിളക്കുകളും റിപ്പയറിംഗും മെയിന്റനൻസും നടത്തുന്നതിന് വി.എം.ജനീവൻ എന്നവർക്ക് 15.01.2015തീയ്യതി മുതൽ ഒരു വർഷത്തേക്ക് കരാർ നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഗഡുവായി 2014-15 വർഷം 40535/-നൽകി. ബാക്കി തുക 121605/-രൂപ 2015-16 വർഷവും നൽകി. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിലുള്ള കൃത്യമായ കണക്ക് പഞ്ചായത്തിൽ ഇല്ല എന്നത് വലിയ പോരായ്മയാണ്.

മേൽ സർക്കുലറിൽ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ. നിലവാരത്തിലുള്ളവ ആയിരക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കരാറുകാരൻ പഞ്ചായത്തിൽ ഹാജരാക്കിയ ബില്ലിൽ തെരുവ് വിളക്കിന്റെ കമ്പനിയേതെന്ന് കാണിച്ചിട്ടില്ല. ആയതിനാൽ ഉപയോഗിച്ച സാധനസാമഗ്രികളുടെ ഗുണനിലവാര പരിശോധന എങ്ങനെ നടത്തിയെന്ന് വ്യക്തമല്ല. സ്വയംഭരണസ്ഥാപനങ്ങളിലെ സാധനസാമഗ്രികളുടെ വാങ്ങലുകൾക്ക് മാത്രമായി പ്രത്യേകം മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ.പി.259/10/ത.സ്വ.ഭ.വ തീ.08.11.2010)പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനത്തിൽ വർദ്ധിച്ച കാര്യക്ഷമതയും ഗുണഫലവും ഉറപ്പുവരുത്തുന്നതിൽ പഞ്ചായത്തിൽ രൂപീകരിക്കപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ സജീവമായ ഇടപെടലുകൾ തെരുവ് വിളക്കുകളുടെ പരിപാലനത്തിൽ ഉണ്ടായിട്ടില്ല.തെരുവ് വിളക്കുകളും സാമഗ്രികളും സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പ്രദേശങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെയും കെ.എസ്.ഇ.ബി.യിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തേണ്ടതായുണ്ട്.

അതുപോലെതന്നെ എ.എം.സി കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി സ്ഥാപിക്കപ്പെടുന്ന എല്ലാ സംഗതികളും പ്രവർത്തനനിരതമാണോയെന്ന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അധികാരികളും കരാറുകാരനും ഉറപ്പുവരുത്തേണ്ടതും ഇത് സംബന്ധിച്ച് സ്ഥാപനത്തിന്റെയും കെ.എസ്.ഇ.ബിയുടെയും ബന്ധപ്പെട്ട അധികാരികളും കരാറുകാരനും കരാറിന്റെ പ്രാരംഭഘട്ടം മുതൽ സംയുക്ത പരിശോധന നടത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള ഒരു സംയുക്ത പരിശോധനനടത്തിയിട്ടില്ല.ഏതൊക്കെ സ്ഥലങ്ങളിലെ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള വിളക്കുകളാണ് തകരാറിലായതെന്നും അവ പൂർണ്ണമായും പ്രവർത്തനക്ഷമമായോ എന്നും പരിശോധിക്കപ്പെടുന്നില്ല. മെമ്പർ നൽകുന്ന സാക്ഷ്യപത്രത്തിൽ തകരാറിലായവ നന്നാക്കിയതിന്റെ വ്യക്തമായ കണക്കുകളില്ല. തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് പരാതികൾ റജിസ്റ്റർ ചെയ്യുന്നതിന് പരാതി റജിസ്റ്റർ സൂക്ഷിക്കണമെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈവിധം ഒരു പരാതി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മേൽ വസ്തുതകളുടെ വെളിച്ചത്തിൽ പോരായ്മകൾ പരിഹരിച്ച് തെരുവ് വിളക്കുകളുടെ പരിപാലനം കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കേണ്ടതാണ്.

## 3-3 പി.എച്ച്. സി- മരുന്നുവാങ്ങൽ -അഡ്വാൻസ് നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.ലഭിച്ച മരുന്നുകളുടെ സ്റ്റോക്ക് അപൂർണ്ണം- ചെലവ് തുക 75000/- തടസ്സത്തിൽ വെക്കുന്നു.

പ്രൊജക്റ്റ് നം. 16/15-16

പി.എച്ച്.സിക്ക് മരുന്നുവാങ്ങൽ

ബിൽ നം.8/15-16 – 50,000/-തീയതി- 16-12-2015

ബിൽ നം-10/15-16- 25,000/-തീയതി- 16-3- 2016

മേൽ പ്രൊജക്റ്റ് മുഖാന്തിരം 75,000/- രൂപയുടെ മരുന്നുകൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നതിന് യഥാക്രമം ഡി.ഡി നം. 577882 തീയതി- 8-1-2016, ഡി.ഡി നം. 111764 തീയതി- 17-3-2016 എന്നിവ പ്രകാരം അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നം.10/2016 തീയതി 15-11-2016 പ്രകാരം അന്വേഷണകുറിപ്പ് നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ലഭിച്ച മരുന്നുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി ലഭ്യമാക്കാനും നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിലെ ചെലവു തുക 75000/- ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മരുന്നുകൾ വിതരണം ചെയ്യുന്നതിന് അഡ്വാൻസായാണ് തുക നൽകുന്നത് എന്നതിനാൽ നിശ്ചിത സമയത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കേണ്ടത് അവരുടെ ചുമതലയും, അത് ഉറപ്പുവരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയുമാണ്. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ലഭിച്ച മരുന്നുകളുടെ സ്റ്റോക്ക് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-4 കാലിത്തൊഴുത്ത് നിർമ്മാണം- മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക- 3,00,000 തടസ്സത്തിൽ വെക്കുന്നു.

പ്രൊജക്റ്റ് നം- 41/15-16,

ബിൽ നം- 4/2015-16- 1,70,000/- തീയതി- 15-03-2016

ബിൽ നം-7/2015-16 - 1,30,000- തീയതി- 22-03-2016

കാലിത്തൊഴുത്ത് നിർമ്മാണം എന്ന പ്രൊജക്റ്റിൽ 30 ഗുണഭോക്താകൾക്ക് 10,000/- രൂപ പ്രകാരമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 362/2013 തസ്വഭവ തീയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-17) സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖ. 3-2-7 പ്രകാരം പുതിയതൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുമ്പോൾ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സ്ര്വേ നമ്പറിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ലഎന്ന് വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.7/2016 തീയതി- 11-11-2016) വെറ്റിനറി സർജൻ 14-11-2016ന് ഹാജരാക്കിയ മറുപടിയിൽ "ഗുണഭോക്താക്കൾ 10 വർഷത്തിനുള്ളിൽ ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നുള്ള വസ്തുത പഞ്ചായത്ത് ഭരണസമിതിയിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ്" എന്നുമാണ് അറിയിച്ചത്. പദ്ധതി ആനുകൂല്യത്തിന് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം കൃത്യമായി പാലിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത രേഖകളുടെ അഭാവത്തിൽ കാലിത്തൊഴുത്ത് നിർമ്മാണ പ്രൊജക്റ്റിലെ ചെലവ് തുക 3,00,000 തടസ്സത്തിൽ വെയ്ക്കുന്നു. ഗുണഭോക്താകൾ ഇതെ പ്രൊജക്റ്റിൽ മുൻപ് ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 പ്രൊജക്റ്റ് നം- എസ്-0040/15-16-പ്രത്യേക കന്നുകുട്ടിപരിപാലനം

ബിൽ- നം-1/15-16- തുക-3,00,000/- തീയതി- 24-2-2016 (വികസന ഫണ്ട്)

ചെക്ക് നം-111478 തീയതി- 24-2-2016- 3,00,000/-

പ്രത്യേക കന്നുകുട്ടി പരിപാലന പ്രൊജക്റ്റിന്റെ ചെലവിനത്തിൽ 3,00,000/- രൂപ എസ്.എൽ.ബി.പി പ്രൊജക്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. 48 ഗുണഭോക്താക്കളെയാണ് ഈ പദ്ധതിയിലെ ആനുകൂല്യത്തിന് തെരഞ്ഞെടുത്തത്. 48 ഗുണഭോക്താക്കൾക്കുള്ള 6250രൂപ വീതം 3,00,000 രൂപയാണ് ഒടുക്കിയത്. മേൽ പ്രൊജക്റ്റ് 2016 ഏപ്രിൽ മാസംമാത്രമാണ് തുടങ്ങിയത്, 6 തവണ മാത്രമാണ് ഇതിനകം തീറ്റ വിതരണം ചെയ്തിട്ടുള്ളത്. അയതിനാൽ വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ് ഓഡിററിന് മുൻപാകെ അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഈ പ്രൊജക്റ്റിലെ ചെലവ് തുക 3,00,000 താൽകാലികമായി തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതി പൂർത്തികരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നമുറയ്ക്ക് തടസ്സവാദം ഒഴിവാക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകർക്ക് മൃഗസംരക്ഷണ വകുപ്പ്, മിൽമ, തുടങ്ങിയ ഏജൻസികൾ മുഖാന്തിരവും കാലിതീറ്റ വിതരണം ചെയ്യുന്ന പ്രൊജക്റ്റുകൾ നടപ്പാക്കിവരാറുണ്ട്. പ്രത്യേക കന്നുക്കുട്ടി പരിപാലന പ്രൊജക്റ്റിലെ ഗുണഭോക്താക്കളിൽ ഭൂരിഭാഗത്തിനും ഈ സ്കീമുകളിൽ നിന്നും ആനുകൂല്യം ലഭിക്കാറുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് സർക്കാറിന്റെ ഏതു സ്കീമിൽ നിന്നുള്ള ആനുകൂല്യമാണ് ലഭിക്കുന്നത്, ആയത് നിശ്ചയിച്ച അളവിലും ഗുണനിലവാരത്തിലും തന്നെ

ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രത്യേക കന്നുകുട്ടി പരിപാലന പ്രൊജക്റ്റിൽ ഗുണഭോക്താകൾക്ക് പ്രതിമാസം വിതരണം ചെയ്യുന്ന കാലിതീറ്റയുടെ വിവരങ്ങൾ വിതരണ രജിസ്റ്ററുമായി കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തേണ്ടതും, പദ്ധതിയിലെ ആനുകൂല്യത്തിന് അർഹരായ മുഴുവൻ ഗുണഭോക്താകളും കൃത്യമായി കാലിതീറ്റ കൈപ്പറ്റുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. 2014-15, 2015-16 വർഷങ്ങളിലെ കാലിതീറ്റവിതരണ രജിസ്റ്റർ പരിശോധിച്ച് പദ്ധതിയിൽ നിന്നും വിട്ടുപോയ (Drop out) ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ അവർക്ക് ലഭിച്ച കാലിത്തീറ്റയുടെ വില കഴിച്ചുള്ള തുക എസ്.എൽ. ബി.പി. യിൽ നിന്നും തിരിച്ചുകിട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-6 ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹതപ്പെട്ട മുഴുവൻ തുകയും വിതരണം ചെയ്യുന്നില്ല

പ്രൊജക്ട്- S00 12/16 ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ-1,57,200 (വികസന ഫണ്ട് ജനറൽ)
78,600 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
78,600 (ജില്ലാ പഞ്ചായത്ത് വിഹിതം

ബിൽ നം-13/2015 തീ.27.03.2016 -157200

ചെക്ക് നം.2787039 തീ.18.03,2016 -78600

ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം താഴെപ്പറയുന്ന രീതിയിൽ തുക വിതരണം ചെയ്തിട്ടിട്ടുണ്ട്.

| പേര് | വൈകല്യം | പഠിക്കുന്ന ക്ലാസ് | ഗ്രാമപഞ്ചായത്ത് വിഹിതം | ബ്ലോക്ക പഞ്ചായത്ത് വിഹിതം | ആകെ |
|---|---|---|---|---|---|
| അബ്ദുൾനാഫി.എൻ | MR | 12 | 6000 | 3000 | 9000 |
| ആരാധ്യ | PH | iv | 2300 | 1150 | 3450 |
| നന്ദന ഷാജി | PH | v | 2850 | 1425 | 4275 |
| സിദ്റ ഫാത്തിമ | MR | iv | 6000 | 3000 | 9000 |
| സഹല്ല റഹ്മാൻ | PH | iv | 2300 | 1150 | 3450 |
| സുഹൈൽ.ടിപി | PH | 12 | 3494 | 1747 | 5241 |
| സജാദ്.ടിപി | PH | Degree | 4596 | 2298 | 6894 |

| | | | | | |
|---|---|---|---|---|---|
| റിഷാം ടിപി | PH | v | 2850 | 1425 | 4275 |
| അരുൺ സിവി | MR | 11 | 6000 | 3000 | 9000 |
| ചഞ്ചൽ വികെ | MR | vii | 6000 | 3000 | 9000 |
| അക്ഷയ വി | | x | 3494 | 1747 | 5241 |
| ജിതിൻവി | MR | 12 | 6000 | 3000 | 9000 |
| മഞ്ജിമ പി | PH | vii | 2850 | 1425 | 4275 |
| അഭയ്റെഷ.പി | MR | iv | 6000 | 3000 | 9000 |
| യദുകൃഷ്ണൻ കെസി | PH | viii | 2850 | 1425 | 4275 |
| ലിജിൻരാജ് ടി | PH | Degree | 4596 | 2298 | 6894 |
| വിവേക് ഇ | PH | 12 | 3494 | 1747 | 5241 |
| നജഫാത്തിമ സിഎം | PH | AW | 2300 | 1150 | 3450 |
| മില്ലറ്റ് മെഡ്ലിൻ | PH | 11 | 3494 | 1747 | 5241 |
| ശൈത്യഎം | PH | iii | 2300 | 1150 | 3450 |
| അനശ്രീ.എം | MR | v | 6000 | 3000 | 9000 |
| റിതുൽ.വി | PH | iii | 2300 | 1150 | 3450 |
| അനഘ അർത്ഥന | PH | viii | 2850 | 1425 | 4275 |
| റോഷിൻ | MR | Buds Sc | 6000 | 3000 | 9000 |
| നൌഫീർ | MR | Buds SC | 6000 | 3000 | 9000 |
| സന്ദീപ്.പി | PH | x | 3494 | 1747 | 5241 |

| | | | | | |
|---|---|---|---|---|---|
| നിഷാദ്.എം | MR | x | 6000 | 3000 | 9000 |
| മുഹമ്മദ് എംപി | MR | Buds Sc | 6000 | 3000 | 9000 |
| ദിപിൻ പിവി | PH | 12 | 3494 | 1747 | 5241 |
| ഷിതിൻ.സി | PH | 12 | 3494 | 1747 | 5241 |
| അനപ്രിയ.സികെ | PH | Degree | 4596 | 2298 | 6894 |
| അനശ്രീ.സികെ | PH | Degree | 4602 | 2301 | 6903 |
| ശ്രീപ്രീയ സികെ | PH | Degree | 4602 | 2301 | 6903 |
| മനീഷ് ആർകെ | MR | Buds Sc | 6000 | 3000 | 9000 |
| ഷെറിൻ എം | MR | Buds Sc | 6000 | 3000 | 9000 |
| ഷിജു പിഎ | MR | Buds Sc | 6000 | 3000 | 9000 |
| ആകെ | | | 157200 | 78600 | 235800 |

ജിഒ(എംസ്)362/2013 തസ്വഭവ 16.11.2013 ഖണ്ഡിക 5.8 (എ),(ബി) എന്നിവ പ്രകാരമുള്ള ധനസഹായ തുക അവർക്ക് അർഹമായ കാലയളവിലും അർഹമായ ഇനങ്ങൾക്കും മുഴുവനായും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/15-16 തീ.9.11.2016) ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് അർഹമായ ഇനങ്ങളിൽ തുക നൽകുവാൻ സാധിക്കാതെ വന്നത് എന്നാണ് അറിയിച്ചത്. സമൂഹത്തിലെ അവശ വിഭാഗങ്ങൾക്ക് മുഴുവൻ സഹായവും വിതരണം ചെയ്യുന്നതിനിന്ന വേണ്ടി പ്രൊജക്റ്റ് രൂപീകരണ വേളയിൽ തന്നെ ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിന വേണ്ടി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 <u>പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് - സീലിംഗ് വർക്ക് - ഗ്യാരണ്ടി കാലയളവിൽ ഉണ്ടായ നാശനഷ്ടം പരിഹരിച്ചില്ല - ചെലവ് തുക 1,95,140 തടസ്സത്തിൽ വെക്കുന്നു.</u>

പ്രൊജക്റ്റ് നം. എസ്.00084/2016

പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്, പെയിന്റിംഗ്

എസ്റ്റിമേറ്റ്- 2,00,000 രൂപ ( വികസന ഫണ്ട്)

സാങ്കേതിക അനുമതി - 2,00,000/- (TS. No.AEE /Ity /460 /15-16 Dt- 22-9-2015)

ബിൽ നം. 47/15-16 തുക -1,95,140/- (14-03-2016)

ചെക്ക് നം. 111657 തീയതി- 14-03-2016 രൂ. 1,83,432

ചെക്ക് നം. 111658 തീയതി- 14-03-2016 രൂ. 3,902

വാറ്റ് ചെലാൻ മുഖേന ഒടുക്കിയത്- 7,806 (S.B.T മട്ടന്നൂർ )

എം.ബുക്ക് നം. 34/ 15-16

കരാറുകാരൻ- ശ്രീ. കെ.പി.ബിജു. (PWD contractor)

നിർവ്വഹണം-ശ്രീ. മനോഹരൻ മാണിക്കോത്ത് , അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം- AE / 34/ 2015-16 തീയതി 14-12-2015

ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ ഒന്നാംനിലയിൽ സീലിംഗും, ഓഫീസ് കെട്ടിടം പൂർണ്ണമായും പെയിന്റിംഗ് ചെയ്യുന്നതിനുമാണ് മേൽ പ്രൊജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. ഈ പ്രവൃത്തി ടെണ്ടർ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് പ്രവൃത്തിക്കുന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് പ്രൊജക്റ്റ് പ്രകാരമുള്ള പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തികരിച്ച് കരാറുകാരൻ തുക കൈപ്പറ്റിയത് 2016 മാർച്ച് മാസത്തിലാണ്. പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ച കെട്ടിടം പരിശോധിച്ചതിൽ ചെയ്ത പ്രവൃത്തിയുടെ നല്ലൊരുഭാഗവും ഇതിനോടകം ഇളകിമാറിയിരിക്കയാണ്. ചെയ്ത പ്രവൃത്തിയുടെ ഗുണമേന്മ ഇല്ലായ്മയാണ് ഇതു കാണിക്കുന്നത്. ഈ പദ്ധതിയുടെ . മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. മേൽ വിഷയങ്ങൾസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.4/2015-16 തീയതി 9-11-2016 ന് നൽകിയ മറുപടിയിൽ "പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം ആറുമാസത്തിനുള്ളിൽ മേൽ പ്രൊജക്റ്റിൽ നിർവ്വഹിച്ച സീലിംഗ് ഷീറ്റ് അടർന്നുപോയത് മരപ്പട്ടി കയറിയതിനാലാണ് എന്നും, പ്രവൃത്തി നിർവ്വഹിച്ച കരാറുകാരനോട് അപാകത പരിഹരിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു എന്നും എന്നാൽ മറുപടി ലഭിച്ചിട്ടില്ല എന്നുമാണ് അറിയിച്ചത്. മേൽ പ്രവൃത്തിയിൽ നിലവിൽ ഉണ്ടായ അപാകം പ്രവൃത്തിചെയ്ത കരാറുകാരനെ കൊണ്ടുതന്നെ നിർവ്വഹിക്കേണ്ടതും, ചെയ്ത പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഈപ്രവൃത്തിയുടെ ചെലവ് തുക 195,140/-ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-8 എഗ്രിമെന്റ് വെച്ച് ഒരുവർഷം കഴിഞ്ഞ് പ്രവൃത്തിയുടെ നിർവ്വഹണം.- നിയമാനുസൃത പിഴ ഈടാക്കിയില്ല- 7950/- രൂപ പിഴ ഈടാക്കേണ്ടതാണ്.

പ്രൊജക്റ്റ് നം- എസ് 0035/16 ( എസ്0096 /14-15)

തെളപ്പ് പടവലത്ത് വയൽ ഫൂട്ട്പാത്ത് നിർമ്മാണം

ബിൽ നം- 44/15-16- 2,44,860 തീയതി- 29-03-2016

സാങ്കേതിക അനുമതി തുക- 2,65,000/- (TS NO.AEE/ TLY/505/14-15 തീയതി-10-12-2014

എഗ്രിമെന്റ് തീയതി- 5-2-2015 (AE/38/2014-15 തീയതി- 5-2-2015)

പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന തീയതി എഗ്രിമെന്റ് പ്രകാരം- 31-5-2015

പ്രവൃത്തി പൂർത്തികരിച്ച തീയതി- 22-2-2016

പി. എ. സി. തുക- 2,65,000/

എസ്റ്റിമേറ്റ് തുക- 2,65,000 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 2,62,393, തനത്- 2,607രൂപ)

എം.ബുക്ക്- 38/14-15

കരാറുകാരൻ- ശ്രീ. ടി. കെ. ദീലീപ് കുമാർ

നിർവ്വഹണം ശ്രീ.മനോഹരൻ മാണിക്കോത്ത് , അസി.എഞ്ചിനിയർ

ഗ്രാമപഞ്ചായത്തിൽ 2014-15 ൽ ടെണ്ടർ നടത്തി എഗ്രിമെന്റ്വെച്ച പ്രവൃത്തിയായിരുന്നു തെളുപ്പ് പടവലത്ത് വയൽ ഫൂട്ട്പാത്ത് നിർമ്മാണം. എന്നാൽ ഈ പ്രവൃത്തി 2015-16 ലാണ് നിർവ്വഹിച്ച് ഫൈനൽബിൽ കൈപ്പറ്റിയത്. 120 മീറ്റർ നടപ്പാത നിർമ്മാണമാണ് ഈ പ്രൊജക്ടിന്റെ ഭാഗമായി നിർവ്വഹിച്ചിട്ടുള്ളത്. ഈപ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരന് നൽകിയ തുക ചുവടെകൊടുക്കുന്നു.

ആകെ പ്രവൃത്തി മൂല്യം- 2,44,860

റിക്കവറികൾ- 14692

കരാറുകാരന് നൽകിയ തുക- 2,30,168

ഈ പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തിയാക്കി ചെക്ക് മെഷർ ചെയ്തത്- 22-02-2016 നാണ്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടത് 31-5-2015 നായിരുന്നു. എന്നാൽ ഫൈനൽ ബിൽ നൽകുമ്പോൾ കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. പ്രവൃത്തിയിൽ വന്നിട്ടുള്ള കാലതാമസത്തിന് പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചുതരുവാനുള്ള കരാറുകാരന്റെ അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ആ അപേക്ഷയിലെ വസ്തുതകൾ പരിശോധിച്ച് സമയം നീട്ടികൊടുക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ ശുപാർശ ചെയ്തതായോ, അതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി ദീർഘീകരണം അനുവദിച്ചതായോ കാണുന്നില്ല. ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.11/2016 തീയതി- 14-11-2016നുള്ള മറുപടിയിൽ "പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് പ്രാദേശിക എതിർപ്പ് കാരണം പ്രവൃത്തി യഥാസമയം തുടങ്ങാൻ സാധിക്കാത്തതിനാലാണ് കാലതാമസം ഉണ്ടായത്" എന്നാണ് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയത്. എന്നാൽ ഈ വിഷയത്തിൽ തുടർനടപടികൾ എടുത്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. കരാറുകാരൻ ഉന്നയിച്ച വിഷയങ്ങളിൽ ഭരണസമിതിയുടെ തീരുമാനവും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2012-ലെ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112-1 പ്രകാരം പിഴ ഈടാക്കേണ്ടതുണ്ട്. യഥാർത്ഥ പ്രവൃത്തി നിർവ്വഹണ കാലയളവിനേക്കാൾ സമയം എടുത്താണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. ആയതിനാൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112-1 പ്രകാരം പി.എ.സി. തുകയായ 2,65,000 രൂപയുടെ 3% നിരക്കായ 7950/- രൂപ നിയമാനുസൃത

പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 ടെണ്ടർ അംഗീകരിക്കുന്നതിലെ അപാകങ്ങൾ സംബന്ധിച്ച്

1) പ്രൊജക്ട് നം. എസ് 0057/16

കൊതേരി കാരങ്ങാട് വണ്ണാത്തിക്കുന്ന് റോഡ് ടാറിംഗ്

എസ്റ്റിമേറ്റ് തുക- 7,00,000

സാങ്കേതിക അനുമതി തുക- 6,98,530 (AEE+TLY+264+15-16 തീയതി- 19-8-15

ബിൽ നം. 73/ 15-16- 5,70,100/- തീയതി- 31-3-2016

എം.ബുക്ക്- നം-36/15-16

ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ, ശ്രീ. വിനോദൻ.പി, ശ്രീ.സിബിൻ.ടി.കെ എന്നിവരാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്. രണ്ടുപേരും 13.7% ടെണ്ടർ കുറവായാണ് നിരക്ക് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ പഞ്ചായത്ത് തീരുമാനം 133/15 തീയതി 18-12-15 പ്രകാരം മുൻകാല പ്രവൃത്തിചെയ്തതിന്റെ പരിചയം പരിഗണിച്ച് ശ്രീ. സിബിൻ.ടി.കെ എന്നവരുടെ ടെണ്ടറാണ് അംഗീകരിച്ചത്. പ്രസ്തുത കരാറുകാരനാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതും. എന്നാൽ ഒരേ നിരക്ക് ക്വാട്ട്ചെയ്ത കരാറുകാരെ കൂടിയാലോചനയ്ക്ക് ക്ഷണിച്ച് ക്വാട്ട് ചെയ്ത നിരക്ക് സംബന്ധിച്ച് തീരുമാനം എടുത്തതായി കാണുന്നില്ല.

2) ഇ.എം.ഡി. തുകയിൽ കുറവ് എന്ന കാരണത്താൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ നിരസിച്ചു. പ്രൊജക്ടിൽ അധികചെലവ്

പ്രൊജക്ട് നംഃ എസ്.0096/14-15

തെളപ്പ പടവലത്ത് വയൽ ഫുട്പാത്ത് നിർമ്മാണം

എസ്റ്റിമേറ്റ് തുക- 2,65,000/-

സാങ്കേതിക അനുമതി തുക- 2,65,000/- (TS NO.AEE/ITY/505/14-15 തീയതി-10-12-14

എം,ബുക്ക് നം. 38/14-15

ബിൽ നം- 44/15-16 തീയതി- 29-3-2016 തുക- 2,44,860/-

കരാറുകാരൻ- ശ്രീ. ടി .കെ. ദീലീപ് കുമാർ

2014-15 ൽ ടെണ്ടർ നടത്തി എഗ്രിമെന്റ് വെച്ച പ്രസ്തുത പ്രവൃത്തിയുടെനിർവ്വഹണം 2015-16 ലാണ് നടത്തുകയുണ്ടായത്. ഈ പ്രവൃത്തിക്ക് താഴെപറയുന്നവരാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്.

1. സി.പി. പുരുഷോത്തമൻ-13% കുറവ്
2. ടി.എം.ദിലീപ്കുമാർ- 7.6% കുറവ്
3. പി.പി.പുരുഷോത്തമൻ-5.2% കുറവ്
4. എം.കെ.രാജേഷ്- 8.6% കുറവ്

ഈ ടെണ്ടറിൽ 7.6% കുറവ് രേഖപ്പെടുത്തിയ ടി.എം.ദിലീപ് കുമാർ എന്നവരുടെ ടെണ്ടറാണ്

അംഗീകരിച്ചത്. എന്നാൽ 13% കുറവ് രേഖപ്പെടുത്തിയ സി.പി.പുരുഷോത്തമൻ എന്നവരുടെയും 8.6% കുറവ് ക്വാട്ട് ചെയ്ത എ.കെ.രാജേഷ് എന്നവരുടെയും ടെണ്ടറുകൾ ആവശ്യമായ ഇ.എം.ഡി. തുക പൂർണ്ണമായും ഒടുക്കിയില്ല എന്ന കാരണത്താൽ നിരസിക്കുകയാണ് ചെയ്തത്. എന്നാൽ എസ്റ്റിമേറ്റ് നിരക്കിൽ 13% കുറവ് രേഖപ്പെടുത്തിയ പ്രസ്തുത കരാറുകാരനോട് ഇ.എം.ഡി. ഇനത്തിൽ കുറവായി ഒടുക്കിയ തുകയുടെ ബാക്കി തുക ഒടുക്കുന്നതിനുള്ള സാധ്യത പരിശോധിക്കാതെ 7.6% കുറവ് രേഖപ്പെടുത്തിയ ടെണ്ടറാണ് അംഗികരിച്ചത് ഈ നടപടി ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് സഹായകമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം സാഹചര്യത്തിൽ നിയമത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യത്തിന് മുൻഗണന നൽകിയുള്ള തീരുമാനം എടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ഇ.ടെണ്ടർ -ടെണ്ടർഫോറം വില തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2015-16 ൽ നിർവ്വഹണം നടത്തിയ 39 മരാമത്ത് പ്രവൃത്തികളിൽ താഴെപറയുന്ന 3 പ്രവൃത്തികൾ. ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്.

| പ്രൊജക്ട് നം | അടങ്കൽ തുക | ടെണ്ടർ ഫോറം വില |
|---|---|---|
| 55/15-16 | 6,00,000 | 1200 + വാറ്റ് 60/- |
| 56 /15-16 | 5,00,000 | 1000 + വാറ്റ്-50 /- |
| 57/15-16 | 7,00,000 | 1400 + വാറ്റ്- 70/- |
| | ആകെ തുക | 3,600 |

ഈയിനത്തിൽ കരാറുകാർ ഒടുക്കിയ ടെണ്ടർഫോറം വില 3,600/- അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ഈ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയായതിനാൽ പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പൊതുടാപ്പുകളുടെ പരിപാലനം കാര്യക്ഷമമല്ല-സംയുക്തപരിശോധന നടത്താതെ വെള്ളക്കരം ഒടുക്കിവരുന്നു.

പൊതുടാപ്പുകൾക്കുള്ള വെള്ളക്കരമിനത്തിൽ 2015-2016 വർഷത്തിൽ പ്രതിമാസം 27,563/- രൂപ ഗ്രാമപഞ്ചായത്ത് അധികൃതർ ഒടുക്കിവരുന്നുണ്ട് 63 പൊതുടാപ്പുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളതായി ജല അതോറിറ്റിയുടെ കൈവശമുള്ള കണക്കുകളിൽ വ്യക്തമാക്കിയിട്ടുള്ളത്. പഞ്ചായത്തിൽ ഇത് സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ ഒരു റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എന്നാൽ ഇത്രയും പൊതുടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തന സജ്ജമാണെന്നുള്ള കണക്കെടുപ്പുകളോ, സംയുക്ത പരിശോധനയോ 2011-12 വർഷത്തിന് ശേഷം നടത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നം.2205/89 KWA/H.O(F)22.3.1999 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള

പൊതുടാപ്പുകളിൽ കൂടി ഒരു മിനട്ടിൽ ശരാശരി 5ലിറ്റർ എന്നതോതിൽ ശരാശരി 8 മണിക്കൂർ നേരത്തേക്ക് പ്രതിദിനം 2.4 കിലോലിറ്റർ എന്ന കണക്കിൽ വെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ജലലഭ്യതയെ പറ്റിയോ, പ്രവർത്തനക്ഷമമായ പൊതുടാപ്പുകളെ സംബന്ധിച്ചോ കൃത്യമായ കണക്കില്ലാതെ ജലഅതോറിറ്റി ആവശ്യപെടുന്ന തുക വർഷങ്ങളായി അതേപടി ഒടുക്കിവരികയാണ് ചെയ്തുവരുന്നത്. ആയതിനാൽ ജലഅതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്തപരിശോധന നടത്തേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതുമാണ്. പൊതുടാപ്പുകളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ ഇതിനായി തയ്യാറാക്കേണ്ടതും, സമയാസമയങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

## 3-12 കർഷക ദിനാചരണം -ചെലവ് രേഖകൾ ഹാജരാക്കിയില്ല -10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 3.08.2015 ലെ സ.ഉ.(സാധാ)നം 2387/2015 ഉത്തരവ് പ്രകാരം സംസ്ഥാന കർഷക ദിനാചരണത്തിന്റെ ഭാഗമായി ഘോഷയാത്രയിൽ പങ്കെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ചെലവിലേക്കായി 10,000/- രൂപ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും വൗച്ചർ നം.21500331 തീ.20.08.2015പ്രകാരം കൃഷിഓഫീസർക്ക് 10,000 രൂപയുടെ ചെക്ക് നൽകുകയും ആയത് കൃഷി ഓഫീസർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തിനാൽ 10,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ശിശു വികസന ഓഫീസ് | 2015-16 | 78600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 78600 | 0 |
| ജില്ലാ മെഡിക്കൽ ഓഫീസർ.കണ്ണൂർ | 2015-16 | 100000 | പാലിയേറ്റീവ് പരിചരണപദ്ധതി | 93424 | 6576 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക് നം./ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി,മട്ടന്നൂർ | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21500992 | 89200 | - | 89200 |
| കെ.എസ്.ഇ.ബി,ചക്കരക്കൽ | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21500882 | 155078 | - | 155078 |

മേൽക്കാണിച്ച തുക അക്കൗണ്ടിലെ ബി-18 ഷെഡ്യൂളുമായി യോജിക്കുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇ.എം.എസ്. ഭവന പദ്ധതിക്കായി 3583750/- രൂപയുടെ വായ്പക്ക് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(ആർ.ടി) 317/2010 /ത.സ്വ.ഭ.വ തീ 28/01/2010 | 3583750 | 331923 | 96225 | 331923 | 224017 | 96225 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി – ഷെയർ സർട്ടിഫിക്കറ്റ് | 20,000 |
| ആകെ | 20,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച16536/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-3 | 1,346 | ടി.രത്നാകരൻ.<br>പി.ഡബ്ല്യു.ഡി.കോൺട്രാക്ടർ | 11504100950/26.6.15<br>11504103856/15.1.16 |
| 2012-13 | 3-3 | 1,760 | സിബിൻ.ടി.കെ,<br>പി.ഡബ്ല്യു.ഡി.കോൺട്രാക്ടർ | 11504100951/26.6.15<br>11504103857/15.1.16 |
| 2011-12 | 2-1 | 2,500 | പി.പി.ഹരീന്ദ്രൻ.ഹരിലത ഹോസ്പിറ്റൽ | 11504100949/26.6.15 |

| | | | | |
|---|---|---|---|---|
| 2012-13 | 3-3 | 932 | രവീന്ദ്രൻ.കെ.എം, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 11504101086/14.7.15 11504103861/15.01.16 |
| 2012-13 | 3-3 | 1,636 | പ്രവീൺ.ടി,പി, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 11504101039/ 7.7.15 11504103857/ 15.1.16 |
| 2012-13 | 3-3 | 1,656 | പി.വിനോദൻ, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 11504101818/ 18.9.15 11504103859/ 15.1.16 |
| 2012-13 | 3-3 | 2,380 | പി.പുരുഷോത്തമൻ പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 11504100978/ 30.6.15 11504103860/ 15.1.16 |
| 2012-13 | 3-3 | 4,326 | ആർ.രാമചന്ദ്രൻ, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 11504102778/ 1.12.15 11504103856/ 15.1.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2-5,2-15,2-16 | 2005-06 | 2-88-1 | 7.04 ലക്ഷത്തിന് ചെലവ് രേഖകളില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 2-6 | 2005-06 | 2-88-2 | ടാർ വാങ്ങുന്നതിന് പിൻവലിച്ച തുകയുടെ വിനിയോഗവിവരമില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 10 | 2003-04 | 3-13ൽ 16ന് | എൽ.പി. വിഭാഗം | നിയമസഭാ |

| | | | | | |
|---|---|---|---|---|---|
| | | | ശേഷമുള്ള പരാമർശങ്ങൾ | പഠനകേന്ദ്രം | സമിതിയുടെ പരിഗണനയിൽ |
| 2000-01 | 14 | 2003-04 | 3-13ൽ 16ന് ശേഷമുള്ള പരാമർശങ്ങൾ | വൈദ്യുതീകരണം തുക നല്കിയതിലെ അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2001-02 | 7 | 2003-04 | 13-16 | പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തിക്ക് വീണ്ടും ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 3-6 | 2011-12 | 3-3-6 | അംഗൻവാടി ഭൗതിക സാഹചര്യം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-7 | 2011-12 | 2-7 | നിഷ്ക്രിയ ആസ്തി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 2,77,76,411 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 2,93,43,114 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,45,128 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 74,988 | ശ്രീ.ബാബുരാജൻ വലിയപുരയിൽ,സെക്രട്ടറി |
| 3-3 | 75,000 | ഡോ.ചസ്മ.കെ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-4 | 3,00,000 | ഡോ.എം.പി.സുജൻ,<br>വെറ്റിനറി സർജൻ |
| 3-5 | 3,00,000 | ഡോ.എം.പി.സുജൻ,<br>വെറ്റിനറി സർജൻ |
| 3-7 | 1,95,140 | മനോഹരൻ മാണിക്കോത്ത്,<br>അസി.എഞ്ചിനിയർ(അഡീ.ചാർജ്) |
| 3-12 | 10,000 | കെ.ജി.കിരൺ, കൃഷി ഓഫീസർ |
| ആകെ | 9,55,128 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളു<br>ടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-1<br>തീയതി 05-10-2015 | 2 |
| 1998-99 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-2<br>തീയതി 05-10-2015 | 1 |
| 1999-00 (വരവ്) | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-3<br>തീയതി 05-10-2015 | 3 |
| 1999-00 (പദ്ധതി വിഹിതം) | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-4<br>തീയതി 05-10-2015 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-5<br>തീയതി 05-10-2015 | 2 |
| 2000-01<br>പദ്ധതി വിഹിതം | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-6<br>തീയതി 05-10-2015 | 2 |
| 2000-01<br>ചെലവ് | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-7<br>തീയതി 05-10-2015 | 2 |
| 2000-01 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-8 | 3 |

| | | |
|---|---|---|
| (വരവ്) | തീയതി 05-10-2015 | |
| 2001-02 (പദ്ധതി വിഹിതം) | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-9 തീയതി 05-10-2015 | 7 |
| 2002-03 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-10 തീയതി 05-10-2015 | 6 |
| 2003-04 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-11 തീയതി 05-10-2015 | 12 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-12 തീയതി 05-10-2015 | 8 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-13 തീയതി 05-10-2015 | 20 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-14 തീയതി 05-10-2015 | 12 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-15 തീയതി 05-10-2015 | 22 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-16 തീയതി 05-10-2015 | 19 |
| 2009-10 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-17 തീയതി 05-10-2015 | 22 |
| 2010-11 | എൽ.എഫ്.കെ.എൻ.ആർ./സി9/322/2015-18 തീയതി 05-10-2015 | 24 |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.കെ.എൻ.ആർ./സി9/634/2014<br>തീയതി 06-11-2014/16-04-2015 | 11 |
| 2012-13 | എൽ.എഫ്.കെ.എൻ.ആർ./സി9/1069/2015<br>തീയതി 03-09-2015 | 10 |
| 2013-14,<br>2014-15 | എൽ.എഫ്.കെ.എൻ.ആർ./സി9/1338/2016<br>തീയതി 27-07-2016 | 4 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/-

# Annexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ/സി9-1999/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ – 670001.

ഇ.മെയിൽ: lfaddistofficeknr@gmail.com.
ഫോൺ.0497 2707698.

തീയ്യതി: 07-12-2016.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് ,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഡെപ്യൂട്ടി ഡയറക്ടർ .

## AUDIT CERTIFICATE

No. KSA/KNR/C9-1999/2016.

Kerala State Audit Department

District Audit Office, Kannur -670001.

E-Mail: lfaddistofficeknr@gmail.com
Phone: 0497 27076978.

Date: 07-12-2016.

Certified that I have audited the Annual Financial Statement of keezhallur Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of keezhallur Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director.

# Annexure-2

# Income & Expenditure statement

For the period from 01-April 2015 to 31 March 2016

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 4263117.00 |
| 130000000 | Rental Income from panchayath properties | 1-3 | 740,640.00 |

| | | | |
|---|---|---|---|
| 140000000 | Fee &User charges | I-4(b) | 818,048.00 |
| 150000000 | Sale &Hire Charges | I-5(b) | 195,926.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 61,553,198.00 |
| 171000000 | Interest Earned | I-8 | 466,200 |
| 180000000 | Other income | I-9 | 4,350.00 |
| A | Total Income | | 68,041,479.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 6,196,955.00 |
| 220000000 | Administrative Expenses | I-11(b) | 726,131.00 |
| 230000000 | Operations & Maintanance | I-12(b) | 998,851.00 |
| 240000000 | Interest & Finance Charges | I-13 | 40,634.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 4,044,418.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 25,397,038.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 740,013.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 20,866,845.00 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 20,866,845.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 3,877,140.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 3,800.00 |
| 270000000 | Provision and write off | 1-16 | 73,890 |
| B | Total - Expenditure | | 62,965,715.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 5,075,764.00 |
| D=280000000 | Prior period Item | I-18 | 900,744.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | 4,175,020 |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

# Annexure-3

# Receipt And Payment Statement

For the period from

01 April 2015 to 31 March 2016

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |

| | | | |
|---|---|---|---|
| | Bank | RP-40(a) | 23,912,390.00 |
| | Cash | RP-40(a) | 69,032.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 1,219,960.00 |
| 140000000 | Fees & User Charges | RP- 4 | 483,946.00 |
| 150000000 | Sale & Hire Charges | RP- 5 | 195,126.00 |
| 160000000 | Revenue Grants ,Funds,Contributions & Compensations | RP- 7 | 5,981,597.00 |
| 171000000 | Interest Earned | RP- 9 | 466,200.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 14,591,654.00 |
| 350000000 | Other Liabilities | RP-36 | 262,600.00 |
| Non Operating | | | |
| 180000000 | Other income | RP-10 | 4,350.00 |
| 311000000 | Earmarked Funds | RP-29 | 30.613.00 |
| 340000000 | Deposits Received | RP- 34 | 90,900.00 |
| 350000000 | Other Liabilities | RP- 36 | 142,672.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 3,960,793.00 |

| | | | |
|---|---|---|---|
| 460000000 | Loans,Advances and Deposits | RP- 47 | 26,000.00 |
| Grand Total | | | 51,757,833.00 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 1,210,045.00 |
| 220000000 | Administrative Expenses | RP-12 | 726,131.00 |
| 230000000 | Operatations & Maintanance | RP-13 | 998,851.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 1,896,600.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 4,771,518.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 740,013.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 145,835.00 |
| 255000000 | Maintanance Projects | RP-20 | 3,877,140.00 |
| 256000000 | Other Revenue Grants & Funds-Revenue Expenses | RP-21 | 3,800.00 |
| 280000000 | Prior period Item | RP-26 | 1163.00 |
| 320000000 | Grants,Funds & Contributions for Specific Purposes | RP-31 | 549.039.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 3,435,053.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 40,634.00 |
| 280000000 | Prior period Item | RP-26 | 0.00 |
| 340000000 | Deposits Received | RP-34 | 118,350.00 |
| 350000000 | Other Liabilities | RP-36 | 1,328,060.00 |
| 410000000 | Fixed Assets | RP-38 | 4,285,223.00 |
| 412000000 | Capital Work In Progress | RP-40 | 4,663,059.00 |
| 460000000 | Loans,Advances and Deposits | RP-47 | 223,003.00 |
| | Closing Balance | | |
| | Bank | RP-40(b) | 22,291,308.00 |
| | Cash | RP-40(b) | 123,411.00 |
| Grand Total | | | 51,757,833.00 |

# Annexure-4

# Balance Sheet

As on 31 March 2016

| Code No | Description of Items | ScheduleNo. | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 19,367068.00 |
| 311000000 | Earmarked Funds | B-2 | 62923.00 |
| 312000000 | Reserves | B-3 | 29052719.00 |
| | Total Reserve & surplus | | 48,482710.00 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 9,59798 |
| | Total Grants,Funds & Contributions for Specific Purposes | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 331,4217.00 |
| 350000000 | Other Liabilities | B-9 | 1144234.00 |
| | Total Current Liabilities and Provisions | | 4778451.00 |
| | TOTAL LIABILIITIES | | 54,220959.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 30809301.00 |
| 412000000 | Capital Work In Progress | B-11(a) | 13334.00 |
| | Total Fixed Assets | | 30822635.00 |

| | | | |
|---|---|---|---|
| 420000000 | Investment | B-12 | 20000.00 |
| | Total Investment | | 20,000.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 118131.00 |
| 450000000 | Cash and Bank balance | B-17 | 22414719.00 |
| 460000000 | Loans,Advances and Deposits | B-18 | 513551.00 |
| | Total Current Assets,Loans and Advances | | 23,378324.00 |
| | Total Assets | | 54,220959.00 |

Deputy Director.